(ബി) സി.എച്ച്.സി.-കൾ ഉൾപ്പെടെയുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നത് പൊതുവായ ഒരു ഉത്തരവിലൂടെയല്ല. ഓരോ സ്ഥാപനത്തിൽ നിന്നും അതാത് ജില്ലാ മെഡിക്കൽ ആഫീസർ ശിപാർശ ചെയ്ത് അയയ്ക്കുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു. സർക്കാർ ഇക്കാര്യത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ആയതിനാൽ ഒരു സി.എച്ച്.സി.-യിൽ തന്നെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കപ്പെടുന്നത് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ചായിരിക്കും.

(സി) പുതുതായി സൃഷ്ടിക്കുന്ന തസ്തികകളിലാണ് നിയമനങ്ങൾ നടത്തുന്നത്. സ്റ്റാഫ് പാറ്റേൺ പ്രകാരം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതനുസരിച്ച് നിയമനങ്ങൾ നൽകുന്നതാണ്.

ജെ.എച്ച്.ഐ., ജെ.പി.എച്ച്.എൻ. വിഭാഗങ്ങളിലെ ഒഴിവുകൾ

14 (2482) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II, ഗ്രേഡ്-I, ജൂനിയർ പി.എച്ച്.എൻ. എന്നിവരുടെ ഓരോ ജില്ലകളിലേയും ഒഴിവുകൾ എത്രയാണെന്നും എവിടെയൊക്കെയാണെന്നും വിശദമാക്കുമോ?

ഉത്തരം

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കീഴിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II, ഗ്രേഡ്-I ജൂനിയർ പി.എച്ച്.എൻ. തസ്തികകളിലെ ജില്ല തിരിച്ചുള്ള ഒഴിവുകൾ അനുബന്ധമായി ചേർക്കുന്നു.* മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലെ പ്രസ്തുത തസ്തികകളിലെ ഒഴിവുകളുടെ വിശദാംശങ്ങൾ മുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഗവ.മെഡിക്കൽ കോളേജ്	ജെ.എച്ച്.ഐ. ഗ്രേഡ്-I	ജെ.എച്ച്.ഐ. ഗ്രേഡ്-II	ജെ.പി. എച്ച്.എൻ
തിരുവനന്തപുരം	1	----	---
കോട്ടയം	---	1	---
തൃശ്ശൂർ	---	1	----
കോഴിക്കോട്	1	---	1

ബി.എച്ച്.എം.എസ്. ഹൗസ് സർജന്മാർക്ക് സ്റ്റൈപ്പന്റ്

15(2483) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എച്ച്.എം.എസ്. ഹൗസ് സർജന്മാർക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന 12000 രൂപയുടെ സ്റ്റൈപ്പന്റ് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന വ്യക്തമാക്കുമോ;

(സി) എം.ബി.ബി.എസ്. ഹൗസ് സർജൻമാർക്ക് ലഭിക്കുന്ന 20000 രൂപ സ്റ്റൈപ്പന്റ് ഹോമിയോപ്പതി വിഭാഗത്തിലും ആയുർവേദ വിഭാഗത്തിലും കൂടി ഒരുപോലെയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഹൗസ് സർജന്മാരുടെ സ്റ്റൈപ്പന്റ് പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly